# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 960 10.06.2019 -ലെ മറുപടി

### മൂവാറ്റുപുഴയാറിന്റെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി സി.കെ.ആശ | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയത്തിൽ തീരമിടിഞ്ഞ മൂവാറ്റുപുഴയാറിന്റെ ഇരുകരകളും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടിയാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) 2018-ലെ പ്രളയത്തിൽ മൂവാറ്റുപുഴയാറിന്റെ ഇടിഞ്ഞുപോയ തീരങ്ങൾ സംരക്ഷിക്കുന്നതിനായി SDRF ഉപയോഗപ്പെടുത്തി വെള്ളൂർ, തലയോലപ്പറമ്പ്, മറവൻതുരുത്ത്, ഉദയനാപുരം എന്നീ പഞ്ചായത്തുകളിലായി ഏറ്റവും അത്യാവശ്യമുള്ള 23 ഭാഗങ്ങളിൽ തെങ്ങിൻ കുറ്റികൾ അടിച്ച് ബലപ്പെടുത്തി ചാക്കിനുള്ളിൽ മണ്ണ് നിറച്ച് അടുക്കി തീരം സംരക്ഷിക്കുന്നതിനുള്ള പണികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ തലയോലപ്പറമ്പ് പഞ്ചായത്തിൽ കൊട്ടാരത്തി പറമ്പ് ഭാഗത്ത് തീരം കല്ലുകെട്ടി സംരക്ഷിക്കുന്നതിനായി 23,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) മൂവാറ്റുപുഴയാറിന്റെ തീരമിടിഞ്ഞ് അപകടാവസ്ഥയിലായ തലയോലപ്പറമ്പ് അടിയം ഭാഗത്ത് തീരസംരക്ഷണത്തിന് റവന്യൂവകുപ്പ് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br>(സി) അടിയം ഭാഗത്തെ തീരം സംരക്ഷിക്കുന്ന നടപടികളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) യും (സി) യും<br>തലയോലപ്പറമ്പ് അടിയം ഭാഗത്തെ തീര സംരക്ഷണത്തിനായി 97,88,346/- രൂപ റവന്യൂ വകുപ്പ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ട്. കരാറുകാർ ടെൻഡർ എടുക്കാത്തതിനാൽ പുനർ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**